# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **24.06.2013- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: T 308**

## തീരദേശ കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>" എൻ.എ. നെല്ലിക്കുന്ന് :<br>" റ്റി.എ. അഹമ്മദ് കബീർ :<br>" എൻ. ഷംസുദ്ദീൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ സർവ്വീസ് മുഖേന സംസ്ഥാനത്തിന്റെ ചരക്കു നീക്കത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. തീരദേശ കപ്പൽ ഗതാഗതം മുഖാന്തിരം സംസ്ഥാനത്തിനുണ്ടാകുന്ന ചരക്കു നീക്കത്തിന്റെ നേട്ടങ്ങൾ വിലയിരുത്താൻ ഡിലോയിറ്റ്. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയോഗിക്കുകയും കൺസൾട്ടൻസി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദവിവരം നല്കാമോ; | (ബി) തീരദേശ കപ്പൽ സർവ്വീസ് നടപ്പാക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ അറേഞ്ച്മെന്റായി കേരള മാരിടൈം ബോർഡ് സ്ഥാപിക്കുന്നതിലേയ്ക്കായി കരട് ബിൽ രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരം ലഭ്യമാക്കുന്നതിനായി അയച്ചിരുന്നു. ഇപ്പോൾ റോഡ്മാർഗ്ഗം കൈകാര്യം ചെയ്യപ്പെടുന്ന ചരക്കുകൾ ജലമാർഗ്ഗം ആക്കുന്നതിനുവേണ്ടി 3 തരത്തിലുള്ള ഇൻസെന്റീവ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിൽ ചരക്ക് നീക്കത്തിനുള്ള ഇൻസെന്റീവിന് അംഗീകാരം നൽകിയിട്ടുണ്ട്. കപ്പൽ നിർമ്മിക്കുന്നതിനുള്ള ഇൻസെന്റീവ് പ്രൊപ്പോസലും പോർട്ട് ഡ്യൂസ് റിബേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലും സർക്കാറിന്റെ പരിഗണനയിലാണ്. കൂടാതെ തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നതിനായി മാനവശേഷി വികസനത്തിന്റെ ഭാഗമായി 6 കോസ്റ്റൽ |

| | | | |
|---|---|---|---|
| | | | ഷിപ്പിംഗ് മാനേജർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശുപാർശയും സർക്കാരിന്റെ പരിഗണനയിലുണ്ട് |
| (സി) | കപ്പൽ സർവ്വീസിന് ഏതെങ്കിലും അനുബന്ധ ഏജൻസികളിൽ നിന്നും സഹായ വാഗ്ദാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ ? | (സി) | ഇല്ല. സ്വകാര്യ മേഖലയിൽ നിന്നും കപ്പലുകൾ ഒന്നും ലഭ്യമാകാത്തതിനാൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കപ്പൽ സർവ്വീസ് ചാർട്ടർ രീതിയിൽ തുടങ്ങാൻ തീരുമാനിക്കുകയും, അതിനുള്ള എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ